LIBRARY ARCHIVES Kerala Legislative Assembly

മാതൃകാ മത്സ്യഗ്രാമ പദ്ധതി

137 (2956) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം, പൂല്ലുവിള എന്നീ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നുള്ള 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ടി മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കിയതെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിഴിഞ്ഞം, പൂല്ലുവിള എന്നീ ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2014-15 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 1168 ലക്ഷം രൂപയുടെ പൂല്ലുവിള മത്സ്യഗ്രാമ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്.

വിഴിഞ്ഞം മത്സ്യഗ്രാമപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ആവശ്യം ഭവന ലഭ്യത വർദ്ധിപ്പിക്കുക, വീടില്ലാത്ത എല്ലാവർക്കും വീട് ലഭ്യമാക്കുക എന്നതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടത്തിയ അന്വേഷണത്തിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഒരേക്കർ ഭൂമിയും വിഴിഞ്ഞം ക്രിസ്ത്യൻ പള്ളിയുടെ അധീനതയിലുള്ള രണ്ട് ഏക്കർ ഭൂമിയും കണ്ടെത്തിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞ ഭൂമി ഭവന നിർമ്മാണത്തിനായി തടസ്സങ്ങളില്ലാതെ ലഭ്യമാകും എന്ന ഉറപ്പ് വിഴിഞ്ഞം ക്രിസ്ത്യൻ പള്ളിയുടെ അധികാരികളിൽ നിന്നും ഇതുവരെയും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതി റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

138 (2957) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശത്തെ മത്സ്യതൊഴിലാളി കുടുംബങ്ങൾ കടുത്ത പട്ടിണിയിലും വറുതിയിലുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് നൽകേണ്ടുന്ന പഞ്ഞമാസ ആനുകൂല്യങ്ങൾ യഥാസമയം നൽകാതെ കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പഞ്ഞമാസാനുകൂല്യം യഥാസമയം നൽകി മത്സ്യബന്ധന തൊഴിലാളികളെ സംരക്ഷിക്കാൻ കൈക്കൊണ്ട നടപടി വിശദമാക്കാമോ ;

(സി) ഈ വർഷം കൊയിലാണ്ടി മണ്ഡലത്തിൽ ഇതുവരെ എത്ര പേർക്ക് പഞ്ഞമാസ ആനുകൂല്യം നൽകിയിട്ടുണ്ട് ; ഇനി എത്രപേർക്ക് നൽകാനുണ്ട് ;

(ഡി) സൗജന്യ റേഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; ഇതുവരെ എത്ര മത്സ്യ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ചു ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഞ്ഞമാസക്കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന ബോട്ടുകളിലെ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും ഹാർബറുകളിലെ ജീവനക്കാർക്കും സൗജന്യ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ 24 കോടി രൂപയിൽ നിന്നും ജൂൺ മാസം നൽകേണ്ടതായ 2-ാം ഗഡുവായി 14.55 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് ഉടൻ തന്നെ വിതരണം ചെയ്യുന്നതാണ്.

(സി) ഈ വർഷം കൊയിലാണ്ടി മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള സമ്പാദ്യ ആശ്വാസ പദ്ധതി ഇനത്തിൽ ആകെയുള്ള 5556 പേർക്ക് ആദ്യ ഗഡു അനുവദിക്കുകയും 3257 പേർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സൗജന്യ റേഷൻ വിതരണത്തിനായി 6,30,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 8 തീരദേശ ജില്ലകളിലെയും ഗുണഭോക്തൃ ലിസ്റ്റ് അതാത് താലൂക്ക് സപ്ലൈ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യ റേഷൻ അനുവദിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ഇതുവരെ സൗജന്യ റേഷൻ അനുവദിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം
1	കൊല്ലം	5325
2	ആലപ്പുഴ	5200
3	എറണാകുളം	5038
4	തൃശ്ശൂർ	301
5	മലപ്പുറം	669
6	കോഴിക്കോട്	7723
7	കണ്ണൂർ	281
8	കാസർഗോഡ്	61

മലപ്പുറം ജില്ലയിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട്

139 (2958) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തീരപ്രദേശത്തുള്ള ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ വീട് ലഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലഭ്യമായ അപേക്ഷകരിൽ എത്രപേർ പ്രസ്തുത പദ്ധതിക്ക് അർഹരായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതിൽ എത്രപേർക്ക് അനുവദിച്ചിട്ടുണ്ട് ; അറിയിക്കുമോ ;

(ഡി) ഭവനങ്ങൾ നൽകുന്നതിനുള്ള പുതിയ അപേക്ഷകൾ എന്നത്തേക്ക് സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly